LIBRARY ARCHIVES Kerala Legislative Assembly

കാലടി സംസ്കൃത സർവ്വകലാശാലയുടെ പ്രവർത്തനം

143 (3704) ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലടി സംസ്കൃത സർവ്വകലാശാലയുടെ കഴിഞ്ഞ 10 വർഷത്തെ പ്രവർത്തനങ്ങളെ കുറിച്ച് ഗവൺമെന്റ് പഠനം നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച പഠന റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ ;

(സി) പഠന റിപ്പോർട്ടിൽ സർവ്വകലാശാലയുടെ പ്രവർത്തന വൈകല്യങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്തെല്ലാം വൈകല്യങ്ങളാണ് പരാമർശിച്ചിട്ടുള്ളത് എന്നും ആയത് പരിഹരിക്കുന്നതിന് ഗവൺമെന്റ് എന്തു നടപടി സ്വീകരിച്ചു എന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഉദിക്കുന്നില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

സർവ്വകലാശാല നിയമത്തിനനുസൃതമായി കോഴ്സുകൾ പുനഃസംഘടിപ്പിക്കുന്നതിന് നടപടി

144 (3705) ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലടി സംസ്കൃത സർവ്വകലാശാലയിലെ വിവിധ കോഴ്സുകളിൽ വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സർവ്വകലാശാലയിലെ ഹിന്ദി, മലയാളം, ഹിസ്റ്ററി എന്നീ വിഷയങ്ങളിൽ സർവ്വകലാശാലാ നിയമത്തിന് വിരുദ്ധമായുള്ള സിലബസ് ഉൾപ്പെടുത്തിയിട്ടുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ സർവ്വകലാശാല നിയമത്തിന് അനുസൃതമായി കോഴ്സുകൾ പുനഃസംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല. ക്രമാനുഗതമായ വർദ്ധനയാണുള്ളത്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.